# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:04872371931)

## പാലക്കാട്

**E mail: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 46/16, ചൊവ്വാഴ്ച** **തീയ്യതി 08.11.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 09.11.2016 | 10.11.2016 | 11.11.2016 | 12.11.2016 | 13.11.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട്) | 4 | 4 | 4 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന, ഉമ, പൊൻമണി) | ഞാറു പരുവം | നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടി/ 1 ലിറ്റർ മണ്ണെണ്ണ ചേർത്ത് വിതറുക. വെള്ളം വാർത്തു കളയാൻ പറ്റാത്ത പാടത്ത് ഫെയിം 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കൊറാജെൻ 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | - | മണ്ണിലെ വായു സഞ്ചാരത്തിനും മഴവെള്ളം ഊഴ്ന്നിറങ്ങുന്നതിനുമായി തെങ്ങിൻ പുരയിടങ്ങൾ കിളയ്ക്കാവുന്നതാണ്. കളകളെയും വേരുതീനുപ്പുഴുവിനെയും നിയന്ത്രിക്കുകയും വേണം. |
| വാഴ | വെള്ളീച്ച | വാഴയിൽ വെള്ളീച്ചയുടെ ആക്രമണം കണ്ടാൽ 5 മില്ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ കോൺഫിഡോർ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (പാവൽ) | കായീച്ച | പാവലിൽ കായീച്ചയെ കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി റോഗർ 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ 10 ഗ്രാം ശർക്കരയും ചേർത്ത് കലക്കി തളിക്കുക. |